# <u>അറിയിപ്പ്</u>

വിഷയം:- ഗോശ്രീ പാലം വഴി സർവീസ് നടത്തുന്ന വൈപ്പിൻ ഭാഗത്തുനിന്നുള്ള സ്വകാര്യ ബസ്സുകൾക്ക് നഗരപ്രവേശനം നൽകുന്നതുമായി ബന്ധപ്പെട്ട് അഭിപ്രായങ്ങൾ, നിർദേശങ്ങൾ, പരാതികൾ,എന്നിവ അറിയിക്കുന്നതിനായി സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റിംഗ് നടത്തുന്ന വിവരം അറിയിക്കുന്നത് സംബന്ധിച്ച്:-

സൂചന:-1) ഗോശ്രീ മനുഷ്യാവകാശ സംരക്ഷണ സമിതിയുടെ 16/01/2018 ലെ നിവേദനം.

2) വൈപ്പിൻ നിയോജകമണ്ഡലം എം എൽ എ യുടെ 10/06/ 2021 ലെ നിവേദനം.

3) നാറ്റ് പാക്കിൻെറ പഠന റിപ്പോർട്ട്.

4) ബഹു: ഗതാഗത മന്ത്രി ശ്രീ. ആന്റണി രാജു അവർകളുടെ ചേമ്പറിൽ 10/01/2023-ൽ നടന്ന ചർച്ച.

സൂചനകൾ പ്രകാരം വൈപ്പിൻ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഗോശ്രീ ദ്വീപുകളിൽ നിന്നും സമീപ പ്രദേശങ്ങളായ നോർത്ത് പറവൂർ, മുനമ്പം തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമുള്ള സ്റ്റേജ് ക്യാരിയജ് ബസ്സുകൾക്ക് കൊച്ചി നഗരത്തിലേക്ക് പ്രവേശനാനുമതി നൽകണമെന്ന് വിവിധ കോണുകളിൽ നിന്നും ജനപ്രതിനിധികളിൽ നിന്നും നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

ആയതിൻപ്രകാരം ദ്വീപ് നിവാസികൾ രൂക്ഷമായ യാത്രയക്ലേശം നേരിടുകയാണ്. ഏകദേശം 150 ഓളം ബസ്സുകൾക്കാണ് നഗരപ്രവേശനം അനുവദിച്ചിട്ടില്ലാത്തതിനാൽ ഹൈക്കോടതി ജംഗ്ഷനിൽ ട്രിപ്പ് അവസാനിപ്പിക്കേണ്ടതായി വരുന്നത്.ദിനം പ്രതി വിവിധ ആവശ്യങ്ങൾക്കും ജോലി സംബന്ധമായ കാര്യങ്ങൾക്കുമായി യാത്ര ചെയ്യുന്ന ദ്വീപ് നിവാസികൾക്ക് കൊച്ചി നഗരത്തിലേക്ക് സ്റ്റേജ് ക്യാരിയജുകൾക്ക് പ്രവേശനാനുമതി ഇല്ലാത്തതിനാൽ ഹൈ കോർട്ട് ജംഗ്ഷനിൽ ഇറങ്ങി മറ്റ് സ്റ്റേജ് ക്യാരിയജുകളെയോ മറ്റ് യാത്ര മാർഗങ്ങളെയോ ആശ്രയിക്കേണ്ടതായി വരുന്നു. സമീപത്തുള്ള കൊച്ചി മെട്രോ സ്റ്റേഷനിൽ എത്തുവാൻ പോലും മറ്റു മാർഗ്ഗങ്ങൾ ആശ്രയിക്കേണ്ടിവരുന്നു. ആയത് വൈപ്പിൻ നിവാസികളുടെ യാത്രാ ക്ലേശം കൂട്ടുകയും സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്.

വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്കുള്ള സ്വദേശികളും വിദേശികളുമായിട്ടുള്ള യാത്രക്കാരും വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള വിദ്യാർത്ഥികളും ജില്ലാ ഭരണ സിരാ കേന്ദ്രമായ കാക്കനാട്ടേക്കും മറ്റു ഗവണ്മെന്റ് ഓഫീസുകളിലേക്കും പോകുന്ന യാത്രക്കാരും നേരിടുന്ന യാത്രാക്ലേശത്തിനു അറുതി വരുത്തുന്നതിനായി മേൽ സ്റ്റേജ് ക്യാരിയജുകൾക്ക് നഗര പ്രവേശനം ലഭ്യമാക്കേണ്ടതുണ്ട്. ആയതിനായി മോട്ടോർ വാഹന നിയമം 102 (2) പ്രകാരം നിലവിലെ ദേശസാൽകൃത റൂട്ടിന്റെ നിബന്ധനയിൽ പരിഷ്കാരം വരുത്തുന്നതിനെകുറിച്ച് ചർച്ച ചെയ്യുന്നതിനും അഭിപ്രായങ്ങൾ ആരായുന്നതിനും പരാതികൾ പരിഗണിക്കുന്നതിനും സൂചന-4 പ്രകാരം

ബഹു: ഗതാഗത മന്ത്രി ശ്രീ. ആന്റണി രാജു അവർകളുടെ ചേമ്പറിൽ 10/01/2023-ൽ നടന്ന ചർച്ചയിൽ സ്റ്റേക്ക് ഹോൾഡേഴ്സ് ൻറെ ഒരു മീറ്റിംഗ് 31/01/2023-നു നടത്തുവാൻ തീരുമാനിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ മേൽ കാര്യം സംബന്ധിച്ചു ബന്ധപ്പെട്ടവരിൽ നിന്നും വിശദമായ അഭിപ്രായങ്ങളും നിർദേശങ്ങളും ആരായുന്നതിനും അഭിപ്രായ സമന്വയത്തിനുമായി ഒരു സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റിങ് 31/01/2023 ന് ഓച്ചന്തുരുത്ത് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ബാങ്ക്-72 ൻറെ കോൺഫറൻസ് ഹാളിൽ വച്ച് ( ഓച്ചന്തുരുത്ത് പി ഓ, പുതുവയ്പ്പ് , എറണാകുളം-682508 ) 11 മണിക്ക് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന വിവരം അറിയിച്ചുകൊള്ളുന്നു,

ജോയിൻറ് ട്രാൻസ്‌പോർട്ട് കമ്മിഷണർ, (J/C)
കേരള മോട്ടോർ വാഹന വകുപ്പ്,
ട്രാൻസ്‌പോർട്ട് കമ്മീഷണറേറ്റ്,
തിരുവനന്തപുരം.